# US PROFILES



# സജിമോൻ ആന്റണി

emalayalee.com



# സ്ഥാനമോഹികളെയല്ല, സേവനതല്പരരെയാണ് ആവശ്യം: സജിമോൻ ആന്റണി

മീട്ടു റഹ്മത്ത് കലാം

സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന മാന്ത്രികത.അതാണ് സജിമോൻ ആന്റണിയിൽ എടുത്തുപറയാവുന്ന സവിശേഷത. ഫാർമസ്യൂട്ടിക്കൽ രംഗത്തും, ഫിനാൻഷ്യൽ കൺസൽട്ടന്റായും , റിയൽ എസ്റ്റേറ്റ് -കൺസ്ട്രക്ഷൻ -ഹെൽത്ത് കെയർ മേഖലകളിലും ഒരുപോലെ  തിളങ്ങിയ അദ്ദേഹം, അമേരിക്കൻ മലയാളികൾക്ക് പ്രിയങ്കരനാകുന്നത് ഫൊക്കാന എന്ന സാംസ്കാരിക സംഘടനയെ പ്രഭമങ്ങി നിൽക്കെ പഴയപ്രതാപത്തിലേക്ക് കൈപിടിച്ചുയർത്തിയതിലൂടെയാണ്. 2020 ൽ ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്നുകൊണ്ട് ഫൊക്കാനയെ വളർത്തിയ അഭിമാനത്തോടെ, പ്രസിഡന്റ് സ്ഥാനാർഥിത്വം പ്രഖ്യാപിച്ചിരിക്കുന്ന സജിമോന്റെ ലക്ഷ്യം പുതിയ ടീമിനൊപ്പം പുതുസ്വപ്നങ്ങളുടെ തേരിലേറി കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക എന്നുള്ളതാണ്. ''ഡ്രീം ടീം,ഡ്രീം പ്രോജക്ട്സ് എന്ന ആപ്തവാക്യവുമായി ഫൊക്കാനയുടെ അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഒരുങ്ങുമ്പോൾ, തന്റെ പ്രതീക്ഷകളെക്കുറിച്ചും സ്വപ്നങ്ങളെക്കുറിച്ചും അദ്ദേഹം വാചാലനാകുന്നു...



**അമേരിക്കയിൽ എത്തുന്നതിന് മുൻപുള്ള കാലഘട്ടം ഓർത്തെടുക്കുമ്പോൾ?**





കരിമ്പാനി മറ്റക്കരയിൽ പുളിക്കമുഴിയിൽ കുടുംബാംഗമാണ്. മണലിങ്കൽ സെന്റ് അലോഷ്യസ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.പാലാ സെന്റ് തോമസ് കോളജിൽ നിന്ന് പ്രീഡിഗ്രിയും ഡിഗ്രിയും പൂർത്തിയാക്കി.പിന്നീട് മാനേജ്മെന്റിൽ മാസ്റ്റേഴ്സും ഫിലോസഫിയിൽ ഡോക്ടറേറ്റും എടുത്തു. ഫാർമസ്യൂട്ടിക്കൽസ് ജോലിയുമായി ബന്ധപ്പെട്ട് ഉത്തരേന്ത്യയിലെത്തി. ആദ്യം സിപ്ലയിലായിരുന്നു. പിന്നീട്, നൊവാർട്ടീസിൽ ചേർന്നു. മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര എന്നീ മേഖലയുടെ സെയ്ൽസ് മാനേജരായിരുന്നു. യൂണിയൻ പ്രശ്നങ്ങൾ ഒക്കെയായി അല്പം ബുദ്ധിമുട്ടുള്ള ടീമിനെയാണ് നയിക്കേണ്ടിയിരുന്നത്.ആറുമാസംകൊണ്ട് അതൊക്കെ പരിഹരിച്ച്,ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ടീമെന്ന് പേരെടുക്കുന്ന തരത്തിൽ കാര്യങ്ങൾ മാറ്റിയെടുത്തു. അതിനുള്ള പാരിതോഷികമായി കമ്പനിയെന്നെ പ്രത്യേക പരിശീലനത്തിന് 2003 ൽ സിംഗപ്പൂരിലേക്ക് അയച്ചു.അവിടെനിന്ന് വീണ്ടും ഇന്ത്യയിലേക്ക് മടങ്ങി.2005 ൽ എട്ട് ഗ്ലോബൽ ലീഡേഴ്സിനെ അമേരിക്കയ്ക്ക് അയയ്ക്കാൻ കമ്പനി തിരഞ്ഞെടുത്തു. യുകെ യിൽ നിന്നും ഓസ്ട്രേലിയയിൽ നിന്നും ഓരോരുത്തരെയും ചൈനയിൽ നിന്നും ഇന്ത്യയിൽ നിന്നും രണ്ടുപേർ വീതവുമാണ് തിരഞ്ഞെടുത്തത്.അതിലൊരാളാകാൻ ഭാഗ്യം ലഭിച്ചു.

**അമേരിക്കയിലെത്തിയതോടെ ജീവിതം എങ്ങനെ മാറി?**

2005 മുതൽ 2007 വരെ അമേരിക്കയിലെ നോവർട്ടിസ് ഫാർമസ്യൂട്ടിക്കൽസിൽ പ്രവർത്തിച്ചു. അതോടൊപ്പം റിയൽ എസ്റ്റേറ്റ് മേഖലയിലും കൈവച്ചു. രണ്ടു വർഷത്തിനുള്ളിൽ 2009ൽ തന്നെ എംഡിആർടി ഉൾപ്പെടെ ഫിനാൻഷ്യൽ സേവനങ്ങൾക്കുള്ള സ്തുത്യർഹമായ അവാർഡുകളും റിയൽ എസ്റ്റേറ്റ് രംഗത്തെ മികവിനുള്ള പുരസ്കാരങ്ങളും നേടാൻ സാധിച്ചു. പ്രായഭേദമന്യേ ഒരു സൗഹൃദ വലയം തീർക്കാൻ കഴിഞ്ഞിട്ടുണ്ട്.അതുകൊണ്ടുതന്നെ,പരിചയക്കാർക്ക് വീടുവാങ്ങുവാനോ വിൽക്കുവാനോ ഉണ്ടെങ്കിൽ എന്റെ റഫറൻസ് തേടും.2016 ൽ എം.എസ്. ബി. ബിൽഡേഴ്സ് എന്ന കമ്പനി സ്ഥാപിച്ചു. ഇന്ന് കമ്മേർഷ്യൽ കൺസ്ട്രക്ഷൻ ഉൾപ്പെടെ ഒരേ സമയം നിരവധി കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നുണ്ട്.

2019 ൽ കോംപ്രിഹെൻസീവ് ഹോം കെയർ ഹെൽത്തിനും തുടക്കമിട്ടു. മോം ആൻഡ് ഡാഡ്




ഹോം കെയറിൽ എയ്ഡ് മുതൽ ഫിസിയോ തെറാപ്പി, നഴ്സിംഗ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാണ്. രാജ്യം മുഴുവൻ മോം ആൻഡ് ഡാഡ് കെയറിനെ വ്യാപിപ്പിക്കുക എന്നതാണ് ഇപ്പോഴത്തെ സ്വപ്നം.

**താങ്കളിലെ നേതൃത്വപാടവം തിരിച്ചറിഞ്ഞത് എപ്പോഴാണ്?**

കുടുംബവീട്ടിൽ ധാരാളം പണിക്കാരുണ്ടായിരുന്നു.വിശേഷ ദിവസങ്ങളിൽ അവർക്കുമുന്നിൽ പ്രസംഗിക്കുന്നത് ഞാനേറെ ഇഷ്ടപ്പെട്ടിരുന്നു.പ്രസംഗിക്കാൻ താല്പര്യം കൂടിയത് അവരിൽനിന്നുള്ള പ്രോത്സാഹനവും സമ്മാനമായി കിട്ടിയ നാരങ്ങ മിഠായിയും കടലമിഠായിയും കൊണ്ടാകാം.സെന്റ് അലോഷ്യസ് സ്കൂളിലെ പഠനകാലത്തും ഇടവകപ്പള്ളിയിലുമെല്ലാം ഡിബേറ്റുകളിൽ സജീവമായി പങ്കെടുത്തത് ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ഇന്ന്  ടോസ്റ്റ് മാസ്റ്റർ ഇന്റർനാഷണൽ കോംപീറ്റന്റ് കമ്മ്യൂണിക്കേറ്റർ എന്ന അംഗീകാരം നേടിയതുപോലും അന്ന് ലഭിച്ച പ്രോത്സാഹനത്തിന്റെ ഫലമായാകാം.

ചെറുപുഷ്പം മിഷൻ ലീഗിൽ ആക്ടിവായിരുന്നു.കാത്തലിക് യൂത്ത് മൂവ്മെന്റിലും പ്രവർത്തിച്ചിരുന്നു.അതിന്റെ പല പദവികളും





വഹിച്ചുകൊണ്ടാണ് നേതൃത്വ പാടവം തിരിച്ചറിഞ്ഞത്.വഴിയോരത്തെ ഓട തെളിക്കുന്നതും കാറ്റുവീശുമ്പോൾ  വൈദ്യുതി മുടങ്ങുന്നത് പരിഹരിക്കുന്നതും ഉൾപ്പെടെ നാടിന്റെ ഏതാവശ്യത്തിനും ഇറങ്ങി പ്രവർത്തിക്കുമായിരുന്നു. ഭവനരഹിതർക്കുവേണ്ടി കല്ലും മണ്ണും ചുമന്ന് വീടുവച്ചു കൊടുത്തിട്ടുണ്ട്. കോളജ് സമയത്ത് ആർട്സ് ക്ലബിൽ സജീവമായിരുന്നു.

**സംഘടനാപ്രവർത്തനങ്ങളിൽ ശക്തമായി ഇടപെട്ട് തുടങ്ങിയത് പ്രവാസജീവിതത്തിനിടയിലാണോ?**

അമേരിക്കയിൽ എത്തിയത് 2005 ലാണെന്ന് പറഞ്ഞല്ലോ. വന്ന സമയത്ത് മലയാളികളെയോ മലയാളി സംഘടനകളെയോ പരിചയമുണ്ടായിരുന്നില്ല. ഒരു വർഷം പിന്നിട്ടതോടെ, ഫാ.മാത്യു കുന്നത്ത് ഫൗണ്ടേഷനിലൂടെ കാരുണ്യ പ്രവർത്തനങ്ങളിൽ ഞാനും ഭാഗമായി.പത്തഞ്ഞൂറ് മലയാളി കുടുംബങ്ങളെ സ്പോൺസർ ചെയ്ത് ഇവിടെ എത്തിച്ചിട്ടുള്ളയാളാണ് ഫാദർ.മറ്റുള്ളവരെ സഹായിക്കാത്ത ജീവിതം വ്യർത്ഥമാണെന്ന് അദ്ദേഹം എപ്പോഴും ഓർമ്മപ്പെടുത്താറുണ്ട്. ആ വാക്കു

emalayalee.com







കൾ എന്നെ ആഴത്തിൽ സ്വാധീനിച്ചു എന്നുതന്നെ പറയാം.എഫ്എംകെസിഎഫ്  എന്ന സംഘടനയുടെ പ്രസിഡന്റ് സ്ഥാനത്തു വരെ പ്രവർത്തിക്കാൻ സാധിച്ചു.ഇവിടത്തെ സിറോ മലബാർ പള്ളിയുടെ പ്രവർത്തനങ്ങളിലും സജീവമാണ്.അതിന്റെ സിസിഡി കോ -ഓർഡിനേറ്ററായും  പ്രവർത്തിച്ചിട്ടുണ്ട്. കുട്ടികൾക്കും സ്കൂളിനും വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ അതിലൂടെ നടത്തി. മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്‌സിയുടെ സ്ഥാപകരിൽ ഒരാളാണ്. 2013 ലായിരുന്നു രൂപീകരണം. സംഘടനാപ്രവർത്തനം ജീവിതത്തിന്റെ ഭാഗമാകുന്നത് അതിനുശേഷമാണ്.അതിന്റെയും പ്രസിഡന്റ് പദവി അലങ്കരിച്ചിരുന്നു.നിലവിൽ ബോർഡ് മെമ്പറാണ്.ആ സംഘടനയിലൂടെയാണ് ഫൊക്കാനയിലേക്ക് വരുന്നത്.

**ഫൊക്കാനയിലേക്കുള്ള കടന്നുവരവ് വിശദീകരിക്കാമോ? സംഘടനയിലെ പ്രവർത്തനങ്ങളിൽ സംതൃപ്തനാണോ?**

2016 ൽ കാനഡയിൽ നടന്ന ജനറൽ ബോഡിയിൽവച്ചാണ് ഫൊക്കാനയുടെ നാഷണൽ കമ്മിറ്റിയിലേക്ക് വരുന്നത്.ജനറൽ ബോഡി നടക്കുന്നതിനിടയിൽ അംഗസംഘടനകൾക്ക് കാര്യങ്ങൾ ധരിപ്പിക്കാൻ അഞ്ച് മിനിട്ടെങ്കിലും അനുവദിക്കണമെന്നുള്ള ആവശ്യം ഞാൻ മുന്നോട്ടു വച്ചു. അതന്ന് പാസായി.2018 ൽ ഫൊക്കാനയുടെ ട്രഷററായി.കേരളത്തിലെ പ്രളയത്തിൽ വീടുനഷ്ടപ്പെട്ടവർക്കുവേണ്ടി ഭവനം പ്രോജക്ട് നടപ്പാക്കിയത് ആ സമയത്താണ്.25 വീടുകൾ പണിപൂർത്തിയാക്കി താക്കോൽ കൈമാറാൻ സാധിച്ചു.2020 ൽ ജോർജി വർഗീസ് പ്രസിഡന്റായിരിക്കെ ജനറൽ സെക്രട്ടറിയായി ഒട്ടേറെ കാര്യങ്ങൾ ചെയ്തതിൽ ചാരിതാർഥ്യമുണ്ട്. മീറ്റിംഗിൽ പങ്കെടുത്ത് പ്രസിദ്ധീകരണങ്ങളിൽ ഫോട്ടോ അച്ചടിച്ച് വരുന്നതിനപ്പുറം ഒരുപാട് കാര്യങ്ങൾ സംഘടനയ്ക്ക് ചെയ്യാനുണ്ടെന്ന് മനസ്സിൽ കുറിച്ചിടുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു.ജനോപകാരപ്രദമായ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനായിരുന്നു പ്രാധാന്യം നൽകിയത്.

ഫൊക്കാന മെഡിക്കൽ കാർഡ് എന്നുള്ള ആശയം കൊണ്ടുവരാൻ സാധിച്ചതിലും രണ്ടായിരത്തിലധികം മലയാളികൾക്ക് അത് ഉപകാരപ്പെട്ടതിലും അഭിമാനമുണ്ട്. എറണാകുളത്ത്  രാജഗിരി ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസുമായി  സഹകരിച്ചാണ് ഇത് നടത്തുന്നത്.കാനഡയിലും അമേരിക്കയിലുമുള്ള ഫൊക്കാനയിലെ അംഗങ്ങളും അവരുടെ ബന്ധുമിത്രാദികളുമാണ് കാർഡിന്റെ ഗുണഭോക്താക്കൾ. രാജഗിരി ഹോസ്പിറ്റലിലെ സേവങ്ങൾക്ക് വൻ ഇളവുകൾ നൽകുന്നതിനു പുറമെ പ്രത്യേക പരിഗണനയും കാർഡ് ഉടമകൾക്ക് ലഭിക്കും.

കോവിഡ് സമയത്ത് വെന്റിലേറ്റർ ഉൾപ്പെടെ രണ്ടുകോടിയിലധികം രൂപ വിലവരുന്ന മെഡിക്കൽ സാമഗ്രികൾ അമേരിക്കയിൽ നിന്ന് ഇന്ത്യയിൽ










എത്തിക്കുന്നതിന് ഫൊക്കാനയ്ക്ക് ടിഎസ്എ (ട്രാൻസ്പോർട്ടേഷൻ ആൻഡ് സെക്യൂരിറ്റി ആൻഡ് അഡ്മിനിസ്ട്രേഷൻ) അംഗീകാരം നേടിയെടുത്തതും ഒരുപാട് പ്രയത്നങ്ങൾക്ക് ശേഷമാണ്.

അടിയന്തിര സാഹചര്യങ്ങളിൽ നാട്ടിലേക്ക് എന്തെങ്കിലും കയറ്റുമതി ചെയ്യണമെങ്കിൽ ഈ സർട്ടിഫിക്കറ്റ് അനിവാര്യമാണ്.പാക്കിങ് അടക്കമുള്ള കാര്യങ്ങൾ എന്റെ വീട്ടിലിരുന്ന് ഭാര്യയുടെയും ഫൊക്കാനയിലെ നേതാക്കളുടെയും സുഹൃത്തുക്കളുടെയും സഹായത്തോടെ പാക്ക് ചെയ്താണ് അവ ട്രക്കിൽ കയറ്റി അയച്ചത്.

പ്രസിഡൻഷ്യൽ വോളന്ററിയൽ സർവീസ് റെകഗ്നിഷൻ കരസ്ഥമാക്കിയതാണ് മറ്റൊരു നാഴികക്കല്ല്. ഞാൻ ജനറൽ സെക്രട്ടറി ആയിരിക്കെ കേരളത്തിൽ നടത്തിയ ഫൊക്കാന കൺവൻഷൻ അഭൂതപൂർവമായിരുന്നു. ഇത്തരമൊന്ന് ഉണ്ടായിട്ടില്ലെന്ന് പറയാം. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഗോപിനാഥ് മുതുകാട് നടത്തുന്ന മാജിക് സെന്ററിൽ വച്ചായിരുന്നു സമ്മേളനം.ഗവർണർ അടക്കമുള്ളവർ ഫൊക്കാനയുടെ സാമൂഹിക പ്രതിബദ്ധയ്ക്ക് തെളിവായി അത് ചൂണ്ടിക്കാട്ടി.ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാരെ തുണയ്ക്കാൻ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള കരിസ്മ പ്രൊജക്ടും വിജയമായിരുന്നു. സഹായം ലഭിച്ച 100 അമ്മമാരിൽ ചിലർ തയ്യൽ ജോലി ചെയ്യുന്നു. ചിലർ മാലയും വളയും മറ്റും ഉണ്ടാക്കുന്നു. അത് അവർക്കൊരു വരുമാനമാർഗ്ഗമായി.കൺവൻഷനിലെ മീഡിയ സമ്മേളനത്തിന്റെ ചെയർ എന്ന നിലയ്ക്കും ഒരുപാട് കാര്യങ്ങൾ ചെയ്തതിൽ ചാരിതാർഥ്യമുണ്ട്.

**ഫൊക്കാനയുടെ പ്രതാപത്തിന് ഇടക്കാലത്ത് മങ്ങലേറ്റിരുന്നല്ലോ, അതിൽ നിന്ന് കരകയറ്റാൻ താങ്കൾ ഉൾപ്പെടുന്ന ടീം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?**

പടലപ്പിണക്കങ്ങളാണ് ഫൊക്കാനയെ തളർത്തിയത്. 2010 ന് ശേഷം പള്ളികളും അമ്പലങ്ങളും മതപരമായ സംഘടനകളും മുന്നോട്ടുവന്നു.സോഷ്യലൈസ് ചെയ്യാൻ അതുവഴി അവസരം ഒരുങ്ങിയതിന്റെ ഫലമായി, ഫൊക്കാന പോലെയുള്ള സാംസ്കാരിക സംഘടനയ്ക്ക് വേണ്ടി ചിലവഴിക്കാൻ ആളുകൾക്ക് സമയം തികയാതായി.താഴേയ്ക്ക് പോയ ഗ്രാഫ് ഉയർത്തിക്കൊണ്ടുവരാൻ ഞാനും ജോർജി വർഗീസും ചേർന്ന ടീം ഒരുപാട് കഷ്ടപ്പെട്ടു. അംഗസംഘടനകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടാക്കാനും ഞങ്ങൾക്ക് സാധിച്ചു. ഫൊക്കാന ആർക്കുവേണ്ടിയാണെന്നും എന്തിനുവേണ്ടിയാണെന്നുമുള്ള കൃത്യമായ സന്ദേശം എത്തിക്കാൻ ഞങ്ങൾക്ക് സാധിച്ചു.മലയാളികളുള്ള ഒരു ഏരിയയും വിടാതെ ശ്രദ്ധിച്ചു.

കാലിഫോർണിയ മുതൽ കണക്ടിക്കട് വരെയും കാനഡ മുതൽ ടെക്സസ്,ഫ്ലോറിഡ,മിഷിഗൺ,ഷിക്കാഗോ എന്നിങ്ങനെ എല്ലായിടത്തും സഞ്ചരിച്ച് നടത്തിയ പ്രചാരണവും പ്രവർത്തനവും ഫൊക്കാനയ്ക്ക് പുതിയ മുഖം നൽകി. അവരുടെ പ്രശ്നങ്ങൾ പഠിച്ച് അതിന് പരിഹാരം കണ്ടെത്തി നൽകിയതോടെ സംഘടനയുടെമേലുള്ള വിശ്വാസവും ആത്മബന്ധവും പതിന്മടങ്ങായി. കോവിഡ് മഹാമാരിയിൽ എന്തുചെയ്യുമെന്ന് പകച്ച് നിന്ന സമയത്തും,മനസ്സിലുറപ്പിച്ച കാര്യങ്ങളെല്ലാം നടപ്പാക്കാൻ ഞങ്ങളുടെ ടീമിന് കഴിഞ്ഞു.

സൂം (ZOOM) പോലുള്ള വെർച്ചൽ പ്ലാറ്റ്ഫോമുകളുടെ സാധ്യതകൾ ഉപയോഗിച്ച് കോവിഡ് ബോധവൽകരണ സെമിനാറുകൾ ഉൾപ്പെടെ ജനോപകാരപ്രദമായ പല പ്രോഗ്രാമുകളും നടത്തി.

**ഫൊക്കാനയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ താങ്കളുടെ ടീമിന് ഡ്രീം ടീം എന്നുപേരിടാൻ പ്രത്യേകിച്ച് കാരണമുണ്ടോ?**

ചെറിയ സ്വപ്നങ്ങൾക്ക് അതീതമാണ് അമേരിക്കയുടെ ഔന്നത്യം എന്ന് പ്രസിഡന്റ് റൊണാൾഡ് റീഗൻ പറഞ്ഞിട്ടുണ്ട്.

emalayalee.com






സ്വപ്നം കാണാൻ ഇഷ്ടപ്പെടുന്നൊരു വ്യക്തിയാണ് ഞാൻ. ഒരു ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടു നീങ്ങിയാൽ വിജയിക്കാനാകുമെന്നാണ് ജീവിതം എന്നെ പഠിപ്പിച്ചത്.പണത്തേക്കാൾ ആശയങ്ങൾക്ക് വിലയുള്ള കാലത്താണ് നാം ജീവിക്കുന്നത്.ടിപ്പിക്കൽ പൊളിറ്റിക്സ് കളിക്കുന്നവരുമായി മുന്നോട്ടുനീങ്ങിയാൽ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല.സ്ഥാനമോഹികളെ അല്ല, സേവനതല്പരരെയാണ് ആവശ്യം.ഞണ്ട് പിടിച്ചുകയറുമ്പോൾ കൂടെയുള്ള ഞണ്ട് പിടിച്ച് താഴേയ്ക്ക് വലിക്കുന്ന അവസ്ഥ സംഘടനയിൽ ഉണ്ടാകാൻ പാടില്ല. എന്റെയൊപ്പം നിൽക്കുന്ന എല്ലാവരും ഒരേ രീതിയിൽ ചിന്തിക്കുന്നവരാണ്. ആ രസതന്ത്രം,ഒന്നിച്ചു പ്രവർത്തിക്കാൻ ഊർജ്ജം നൽകും.ഞങ്ങൾ വ്യത്യസ്തരാണെന്ന് വരവറിയിച്ച് അടയാളപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് ലോഞ്ച് മീറ്റ് നടത്തിയത്. ന്യൂയോർക്ക്-ന്യൂജേഴ്സി എന്നിവിടങ്ങളിൽ നിന്നുള്ളവരുടെ പിന്തുണയേ പ്രതീക്ഷിച്ചിരുന്നുള്ളു. എന്നാൽ, സംഘടനയോടുള്ള പ്രതിബദ്ധതകൊണ്ട് ചിക്കാഗോ,ഫിലാഡൽഫിയ,കാനഡ,ഫ്ലോറിഡ എന്നിങ്ങനെ എല്ലാ റീജിയനിൽ നിന്നുള്ള സുഹൃത്തുക്കളും എത്തിച്ചേർന്നു. ഇരുന്നൂറിൽ പരം ആളുകൾ വന്നു.ഒരു മിനി-കൺവൻഷൻ എന്നു തന്നെ പറയാം. വളരെ സന്തോഷവും പ്രതീക്ഷയും നൽകിയ അനുഭവമായിരുന്നു അത്.

**എല്ലാം പോസിറ്റിവായി കാണുകയും ശുഭാപ്തിവിശ്വാസത്തോടെ മുന്നേറുകയും ചെയ്യുന്ന താങ്കൾ, ഇലക്ഷനിൽ ഏതെങ്കിലും കാരണവശാൽ പരാജയപ്പെട്ടാൽ എന്ത് ചെയ്യുമെന്ന് ചിന്തിച്ചിട്ടുണ്ടോ?**

ഇലക്ഷനിൽ ജയപരാജയങ്ങൾ സ്വാഭാവികം മാത്രമാണ്. എന്നാൽ, ഫൊക്കാന തിരഞ്ഞെടുപ്പ് നടന്ന് പിറ്റേദിവസം, തോൽക്കുന്നയാൾ കോടതിയെ സമീപിക്കുന്നൊരു പതിവുണ്ട്. അത് എന്റെ ഭാഗത്ത് നിന്ന് ഉണ്ടാകില്ലെന്ന് ഉറപ്പ് തരാം. ജയത്തെയും പരാജയത്തെയും ഒരേമനസ്സോടെ അംഗീകരിക്കും. സാംസ്കാരിക സംഘടനയുടെ നേതൃനിരയിൽ പ്രവർത്തിക്കും ഒരു മിനിമം സംസ്കാരം ഉണ്ടായിരിക്കണമല്ലോ. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. എന്നാൽ, ഒന്നുപറഞ്ഞ് രണ്ടിന് കേസിന് പോകുന്നത് സംസ്കാരമുള്ളവർക്ക് ചേർന്നതായി കരുതുന്നില്ല. അമേരിക്കയിലും കാനഡയിലുമുള്ള മലയാളികൾ അത്തരം നേതാക്കളെ തിരസ്കരിക്കുകയേയുള്ളൂ. മുൻപ് അങ്ങനെ അവർ ചെയ്തിട്ടുണ്ട്, ഭാവിയിലും അത് തുടരും.

**പുതുതലമുറയെ സംഘടനയോട് അടുപ്പിക്കാൻ ശ്രമിക്കുന്നുണ്ടോ?**

ഒരു കുടുംബമാകുമ്പോൾ എല്ലാ പ്രായക്കാരും വേണം. പൂർണതയിലാണ് വിശ്വസിക്കുന്നത്. തെറ്റു ചൂണ്ടിക്കാണിക്കാൻ തലമുതിർന്നവർ ഉണ്ടായിരിക്കണം.ചുറുചുറുക്കോടെ ഓടിനടക്കുന്നവരും വേണം. അനുഭപരിചയം പ്രായം കൂടുമ്പോൾ ആർജ്ജിക്കുന്നതാണെന്ന് ഞാൻ കരുതുന്നില്ല. പത്തുവർഷം കൊണ്ട് ഒരാൾ പഠിച്ചെടുത്ത കാര്യങ്ങൾ പഠിക്കാൻ എനിക്ക് ഒരുവർഷം മതിയായിരിക്കും. പ്രായം കൊണ്ട് ആരെയും വിലയിരുത്താനാകില്ല.വിശ്രമജീവിതത്തിലേക്ക് കടന്നവർ നേരംപോക്കിന് ചേരുന്നതാണ് ഇത്തരം സംഘടനകളിൽ എന്നുള്ള തെറ്റായധാരണ പുതുതലമുറയ്ക്കുണ്ട്. സ്ത്രീകളെയും യുവാക്കളെയും ആകർഷിക്കുന്ന ഒട്ടേറെ പദ്ധതികൾ ഡ്രീം ടീമിലൂടെ നടപ്പിലാക്കും. എല്ലാവർക്കും അവരവർ അർഹിക്കുന്ന സ്ഥാനം ലഭിക്കും, അവിടെ ഇരുന്നുകൊണ്ട് ആളുകളെ സേവിക്കാൻ പരമാവധി പരിശ്രമിക്കുകയാണ് വേണ്ടത്. ഇരുപതിയൊന്നാം നൂറ്റാണ്ട് യുവാക്കൾക്കുള്ളതാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി റിഷി സുനക്, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ, പ്രസിഡന്റ് ബറക്ക് ഒബാമ തുടങ്ങി എത്രയോ ഉദാഹരണങ്ങൾ നമുക്ക് മുൻപിലുണ്ട്?

**2024–2026 കാലയളവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ?**

അംഗസംഘടനകളുമായി സുസ്ഥിരവും സുദൃഢ




വുമായ ബന്ധമാണ് പുലർത്തി വരുന്നത്. അവരുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് നിറവേറ്റാൻ വേണ്ടിയാണ് ശ്രമം. ഫൊക്കാനയുടെ അംഗസംഘടനകൾക്ക് അങ്ങേയറ്റം പ്രാധാന്യം നൽകും. ഡോ. ബാബു സ്റ്റീഫനും സംഘവും തുടങ്ങിവച്ച ഏതെങ്കിലും പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം വന്നാൽ അത് ഏറ്റെടുത്ത് പൂർത്തിയാക്കും.പുതു തലമുറയ്ക്ക് സഹായകമാകുന്ന പുതിയ പദ്ധതികളുമായി മുന്നോട്ടു വരും. അമേരിക്കയിലെയും കാനഡയിലെയും മലയാളികളുമായി കേരളത്തിലെ ജനങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയായി നിലകൊള്ളും. പണത്തേക്കാൾ ആശയങ്ങൾക്ക് പ്രാധാന്യം നൽകും. ശരാശരിക്കാരായ മലയാളികൾക്കും ഫൊക്കാനയുടെ നേതൃനിരയിലേക്ക് വരാൻ വഴിയൊരുക്കും. നോർത്ത് അമേരിക്കയിലെ വീടുകളിൽ ഫൊക്കാനാ എന്നുള്ള പേര് സുപരിചിതമാക്കിത്തീർക്കും. ഇതൊന്നും ഞാനായിട്ടല്ല, ഞങ്ങളുടെ ടീമിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെ ആയിരിക്കും സാധ്യമാക്കുക.



**മാധ്യമങ്ങളുമായുള്ള ബന്ധം?**

എല്ലാവരുമായും നല്ല ബന്ധമാണ്.ന്യൂസ് 18,24 ന്യൂസ് പോലുള്ള പ്രമുഖ ചാനലുകളിൽ പാനൽ ഗെസ്റ്റായി പോകാറുണ്ട്. ഫാർമസ്യൂട്ടിക്കൽസ്, സാമ്പത്തിക രംഗം, റിയൽ എസ്റ്റേറ്റ്, നിർമ്മാണ മേഖല, ആരോഗ്യ രംഗം എന്നിങ്ങനെ വേറിട്ട മേഖലകളിൽ അനുഭവപരിചയമുള്ളതുകൊണ്ടും ആശയവിനിമയത്തിൽ സ്വന്തമായൊരു ശൈലി ഉള്ളതുകൊണ്ടും വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാൻ സാധിക്കാറുണ്ട്. സത്യം വിളിച്ചുപറയാൻ മാധ്യമങ്ങൾ എനിക്ക് തരുന്ന അവസരമായതിനെ കാണുന്നു.

**ഇപ്പോൾ ഫൊക്കാനയിലെ കേസുകളുടെ സ്ഥിതി എന്താണ്?**

ഫൊക്കാന പോലൊരു സംഘടനയെ ചിലർ കോടതിയിലേക്ക് വലിച്ചിഴച്ചു എന്നത് ദൗർഭാഗ്യകരമാണ്.2018,2020,2021 എന്നീ വർഷങ്ങളിൽ പല നേതാക്കളും ഇത് ആവർത്തിച്ചു. ഫൊക്കാന എന്നുള്ള പേരിന്മേൽ അനാവശ്യമായി അവകാശം ഉന്നയിച്ചതിന്റെ പേരിലും ആയിരക്കണക്കിന് ഡോളർ പാഴായി. അസോസിയേഷനെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ നേതാക്കൾ തന്നെയാണ് നിയമപരമായ കാര്യങ്ങൾക്കുള്ള ചിലവ് വഹിക്കുന്നത്. സാംസ്കാരിക സംഘടനകളിൽ ഇങ്ങനെ സംഭവിച്ചുകൂടാ.സാംസ്കാരിക സംഘടനയ്ക്കുള്ളിൽ അടിസ്ഥാനപരമായ സംസ്കാരമെങ്കിലും നിലനിർത്തുക എന്നുള്ളത് ഓരോ അംഗത്തിന്റെയും ധാർമ്മികമായ ഉത്തരവാദിത്തമാണ്. നിലവിലെ കേസുകളിൽ എല്ലാം ഫൊക്കാന വിജയം നേടിക്കഴിഞ്ഞു. സംഘടന ഇപ്പോൾ സുരക്ഷിതമായ കരങ്ങളിലാണ്. ഒരു അപ്പീൽ പെൻഡിങ്ങുണ്ട്. നീതിപീഠത്തിൽ ഞങ്ങൾ പൂർണമായും വിശ്വസിക്കുന്നു.

**കുടുംബം?**

എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കുടുംബത്തിന്റെ പൂർണ പിന്തുണയുണ്ട്.അവരാണെന്റെ കരുത്തും പ്രചോദനവും.ഭാര്യ ഷീന സജിമോൻ മോറിസ്ടൗൺ മെഡിക്കൽ സെന്ററിൽ നേഴ്സ് എഡ്യൂക്കേറ്ററും മോം ആൻഡ് ഡാഡ് കെയർ ഹോം ഹെൽത്തിന്റെ ഡയറക്ടറുമാണ്.